# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.2382 — 17.08.2017-ൽ മറുപടിയ്ക്ക്

## അന്താരാഷ്ട്ര ചലച്ചിത്ര മേള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പ്രദീപ് കുമാർ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പ് കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പ് കുറ്റമറ്റതും കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ പ്രദർശനത്തിനായി ടാഗോർ തിയറ്റർ, നിശാഗന്ധി, കൈരളി, ശ്രീ, നിള, കലാഭവൻ എന്നീ സർക്കാർ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള 12 തീയേറ്ററുകൾ ബുക്ക് ചെയ്തു കഴിഞ്ഞു. ചലച്ചിത്രമേളകളിൽ മികവ് തെളിയിച്ചിട്ടുള്ള സിനിമകൾ ലഭിക്കുന്നതിന് വേണ്ടി വിവിധ രാജ്യങ്ങളിലെ നിർമ്മാതാക്കളുമായി അക്കാദമി ബന്ധം പുലർത്തി വരുന്നു. സോഷ്യൽ മീഡിയ, വെബ്സൈറ്റ് എന്നിവ മുഖാന്തിരം മേളയുടെ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മത്സര വിഭാഗം, സമകാലിക ലോക സിനിമ, ഇന്ത്യൻ സിനിമ, മലയാള സിനിമ എന്നീ വിഭാഗങ്ങളിലേക്ക് സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അക്കാദമിയിൽ ലഭ്യമായ എൻട്രികളുടെ സെലക്ഷൻ സ്ക്രീനിംഗും ആരംഭിച്ചിട്ടുണ്ട്. |
| (ബി) ചലച്ചിത്ര മേളയെ സാംസ്കാരികോത്സവവും കൂടുതൽ ആകർഷകവും ആക്കിത്തീർക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ; | (ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേള സംസ്ഥാന സർക്കാരിന്റെ തന്നെ പരിപാടിയാണ് എന്നതിനാൽ പ്രസ്തുത മേളയെ സാംസ്കാരികോത്സവമായിത്തന്നെ കണ്ടു കൊണ്ട് കൂടുതൽ ആകർഷകമാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ അർത്ഥത്തിലും പിന്തുണയും ഇടപെടലും ഉണ്ടാകാറുണ്ട്. കഴിഞ്ഞ വർഷത്തെ മേളയിൽ സർക്കാരിന്റെ 'വജ്രകേരളം' പരിപാടിയുമായി |

| | | |
|---|---|---|
| | | ബന്ധപ്പെട്ട് മേളയുടെ ഏഴ് ദിവസവും തനത് കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സായാഹ്നകലാപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതുപോലെ തന്നെ തുടർന്നുള്ള മേളകളിലും ഇത്തരം സാംസ്കാരിക കലാപരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് മേളയെ കൂടുതൽ ആകർഷകമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | മേളയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സിനിമകൾ നിലവാരമുള്ളതും കലാമൂല്യമുള്ളതുമാണെന്ന് ഉറപ്പ വരുത്താൻ നിർദ്ദേശം നൽകുമോ? | (സി) മേളയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സിനിമകൾ നിലവാരമുള്ളതും കലാമൂല്യമുള്ളതുമാണെന്നും ഉറപ്പുവരുത്താൻ വിദഗ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെലക്ഷൻ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ